**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4309** **18-07-2022 - ൽ മറുപടിയ്ക്ക്**

**ആറ്റില വെള്ളച്ചാട്ടത്തിൽ ജലവൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് മണ്ഡലത്തിലെ കരിമ്പ തച്ചമ്പാറ പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന ആറ്റില വെള്ളച്ചാട്ടത്തിൽ ജലവൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിനായി നാളിതുവരെ എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ എന്തെല്ലാം നേട്ടങ്ങളുണ്ടാകുമെന്നത് സംബന്ധിച്ച് വിശദമാക്കാമോ? | (എ) | എനർജി മാനേജ്മെന്റ് സെന്റർ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ 2017-ൽ വിളിച്ച്, 2021 പുതുക്കിയ ഉത്തരവ് പ്രകാരം BOOT അടിസ്ഥാനത്തിൽ സർക്കാർ അലോട്ട് ചെയ്ത പദ്ധതികളാണ് ആറ്റില I-6 MW, ആറ്റില II-6 MW, നിലവിൽ ആറ്റില I, ദർശൻ ഹൈഡ്രോ പവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയും, ആറ്റില II, ദർശൻ റിന്യൂവബിൾ എനർജിസ് പവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയും സർക്കാരുമായി ഇമ്പ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പിട്ട് കഴിഞ്ഞിരിക്കുകയാണ്. ഈ പദ്ധതികൾ നടപ്പിലാക്കുന്നത് വഴി 12 മെഗാവാട്ട് സ്ഥാപിത ശേഷി കൂടി സംസ്ഥാനത്ത് കൈവരിക്കുവാൻ സാധിക്കും. സർക്കാരുമായി ഇംപ്ളിമെന്റേഷൻ എഗ്രിമെന്റ് ഒപ്പിട്ട മേൽ സൂചിപ്പിച്ച കമ്പനികൾ പദ്ധതിയുടെ സാങ്കേതിക - സാമ്പത്തിക പ്രായോഗികതാ റിപ്പോർട്ടുകൾ (Techno – Economic Feasibility Report) ക്ക് അനുമതി ലഭിച്ച ശേഷം 36 മാസത്തിനുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതികൾക്ക് വേണ്ട സർവ്വേ പണികൾ ആരംഭസ്ഥിതിയിലാണ്. ഇതിനോടൊപ്പം തദ്ദേശ തലത്തിൽ വിവിധ തൊഴിൽ അവസരങ്ങൾ ഉണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ